## പ്രധാനവാർത്തകൾ

1. ഗ്രാമനഗര ഭേദമില്ലാതെ, രാജ്യത്ത് എല്ലായിടത്തും 24 മണിക്കൂറും ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കാനായത് ഫിൻടെക് രംഗത്തെ ഇന്ത്യയുടെ നേട്ടമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ മൂന്നാം ഘട്ടത്തിന്റെയും, കൊയിലാണ്ടി തുറമുഖത്തിൻറെ രണ്ടാംഘട്ടത്തിന്റെയും നിർമ്മാണോദ്ഘാടനം അൽപസമയത്തിനകം പ്രധാനമന്ത്രി ഓൺലൈനായി നിർവഹിക്കും.

3. ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 2029 - ഓടെ 50,000 കോടി രൂപയിൽ എത്തിക്കുകയാണ് ലക്ഷ്യമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്.

4. വയനാട് മുണ്ടക്കൈ, ചൂരൽമല ഉരുൾപ്പൊട്ടൽ ദുരന്തത്തിന് ഇന്ന് ഒരുമാസം; നിയമസഭ പരിസ്ഥിതി സമിതി ദുരന്തമേഖല സന്ദർശിക്കുന്നു.

5. സംസ്ഥാനത്ത് ഏഴ് ജില്ലകളിൽ അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത; മീൻപിടുത്തത്തിന് വിലക്ക്.

RNU TVPM

6. **ദേശീയ ഓപ്പൺ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് ബംഗളൂരുവിൽ തുടക്കം.**

****************************************************************************************

## പ്രധാനമന്ത്രി -മഹാരാഷ്ട്ര

ഗ്രാമനഗര ഭേദമില്ലാതെ, രാജ്യത്ത് എല്ലായിടത്തും 24 മണിക്കൂറും ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കാനായത് ഫിൻടെക് രംഗത്തെ ഇന്ത്യയുടെ നേട്ടമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മുംബൈയിൽ ആഗോള ഫിൻടെക് ഫെസ്റ്റിൽ സംസാരിക്കുകയായിരുന്നുഅദ്ദേഹം. ഉച്ചയ്ക്കുശേഷം പാൽഘറിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും വധാവൻ തുറമുഖത്തിന്റെ തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. ഫിഷറീസ് മേഖലയിൽ ഏകദേശം 1,560 കോടി രൂപയുടെ 218 പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും.

****************************************************************************************

## അർത്തുങ്കൽ -പി.എം

ആലപ്പുഴയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ മൂന്നാം ഘട്ട നിർമ്മാണോദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി അൽപസമയത്തിനകം ഓൺലൈനായി നിർവഹിക്കും. കേന്ദ്ര സർക്കാരിന്റെ മത്സ്യമേഖല അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ നിന്ന് 150 കോടി 73 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് പദ്ധതിക്ക് ലഭിച്ചത്. ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും. കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് മുഖ്യ പ്രഭാഷണം നടത്തും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, കെ.സി.വേണുഗോപാൽ എം.പി, മന്ത്രി പി. പ്രസാദ് തുടങ്ങിയവർ പങ്കെടുക്കും.

****************************************************************************************

RNU TVPM

## കൊയിലാണ്ടി തുറമുഖം - പി എം

കൊയിലാണ്ടി മത്സ്യ ബന്ധന തുറമുഖത്തിൻ്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനവും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഓൺലൈനായി നിർവഹിക്കും. നിർമാണത്തിനും നവീകരണത്തിനും 20.9 കോടി രൂപയുടെയും ഡ്രഡ്ജിംഗ് പ്രവൃത്തിക്കായി 5.88 കോടി രൂപയുടെയും ഭരണാനുമതിയാണ് ലഭിച്ചത്. കേന്ദ്ര ഫിഷറിസ് മന്ത്രി രാജീവ് രഞ്ജൻ സിംഗ്, സഹമന്ത്രി ജോർജ് കുര്യൻ , മന്ത്രി സജി ചെറിയാൻ എന്നിവർ ഓൺ ലൈനിലും , ഷാഫി പറമ്പിൽ എം പി, കാനത്തിൽ ജമീല എംഎൽഎ, നഗരസഭാ ചെയർപേഴ്സസൺ സുധ കിഴക്കേ പാട്ട് തുടങ്ങിയവർ ചടങ്ങിൽ നേരിട്ടും പങ്കെടുക്കും.

***************************************************************************************

## രാജ്നാഥ് സിങ്ങ്- കോൺക്ലേവ്

ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 2029 - ഓടെ 50,000 കോടിയിൽ എത്തിക്കുകയാണ് ലക്ഷ്യമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് പറഞ്ഞു. തിരുവനന്തപുരത്ത് സ്വകാര്യ ചാനലിൻറെ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ സമ്പദ് വ്യവസ്ഥ മികച്ച വളർച്ച കൈവരിച്ച് മുന്നേറുകയാണ്. രാജ്യത്ത് പത്തുവർഷത്തിനിടെയുണ്ടായ മാറ്റം പ്രകടമാണ്. കോവിഡ് മഹാമാരിക്ക് മുന്നിൽ മറ്റു രാജ്യങ്ങൾ പകച്ച് നിന്നപ്പോൾ ഇന്ത്യ നടത്തിയ പ്രവർത്തനങ്ങൾ ലോക പ്രശംസ നേടി. ജനാധിപത്യത്തിൽ മാധ്യമങ്ങൾ നിർണായക പങ്ക് വഹിക്കുന്നുവെന്നും കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി. വയനാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിൽ മരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച രാജ്നാഥ് സിങ്ങ് സേനാ വിഭാഗങ്ങളുടെ രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്നും

PIU TVPM

പറഞ്ഞു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി തിരുവനന്തപുരത്തെത്തിയ പ്രതിരോധ മന്ത്രി രാജ്ഭവനിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാനുമായി കൂടിക്കാഴ്ച നടത്തി.

*******************************************************************************

## വയനാട് ദുരന്തം (ഇൻട്രോ)

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപ്പൊട്ടൽ ദുരന്തത്തിന് ഇന്ന് ഒരുമാസം. കാണാതായവർക്കായി തെരച്ചിൽ ഇപ്പോഴും തുടരുന്നു...

വിശദാംശങ്ങളുമായി വയനാട് ആകാശവാണി ജില്ലാ പ്രതിനിധി **അരുൺ വിൻസെൻറ്....**

(വോയിസ്)

*******************************************************************************

## എകെ.ശശീന്ദ്രൻ

ഇന്ന് രാജ്യാന്തര തിമിംഗല സ്രാവ് ദിനം. വംശനാശ ഭീഷണി നേരിടുന്ന തിമിംഗല സ്രാവുകളുടെ സംരക്ഷണത്തിനായാണ് ഓഗസ്റ്റ് 30-ന് രാജ്യാന്തര ദിനം ആചരിക്കുന്നത്. കേരളതീരത്ത് പൊഴിയൂർ മുതൽ കാസർഗോഡ് വരെ തിമിംഗല സ്രാവുകളെ കാണാറുണ്ട്. വലയിൽ കുടുങ്ങിയോ തിരയിൽപ്പെട്ടോ തീരത്ത് എത്തിപ്പെടാറുള്ള തിമിംഗല സ്രാവുകളെ രക്ഷപ്പെടുത്തി തിരികെ കടലിൽ വിടാറുണ്ട്. സംസ്ഥാനതല ദിനാചരണം തിരുവനന്തപുരത്ത് മന്ത്രി A.K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

*******************************************************************************

RNU TVPM

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് ഏഴു ജില്ലകളിൽ അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്ര കാലാവസ്ഥാവകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്

ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. വയനാട്ടിൽ പ്രത്യേക ജാഗ്രതാ നിർദ്ദേശവും പുറത്തിറക്കി. മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരും വെള്ളം കയറാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരും ജാഗ്രത പാലിക്കണം. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പുറപ്പെടുവിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ഇടത്തരം മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കേരളം, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മീൻപിടിക്കാൻ പോകരുതെന്ന് മുന്നറിയിപ്പുണ്ട്. മഞ്ചേശ്വരം നദിയിലെ ജലനിരപ്പ് ഉയരുന്നതിനാൽ നദിക്കരയിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണം.

RNUTVPM

## ഉപ്പള നദി-ജാഗ്രത

കാസർഗോഡ് ഉപ്പള നദിയിലെ ജലനിരപ്പ് ഉയരുന്നതിനാൽ അധികൃതർ ജാഗ്രതാനിർദേശം പുറപ്പെടുവിച്ചു. നദിക്കരയിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണം. നദിയിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. പ്രളയ സാധ്യതാ മേഖലയിൽ ഉള്ളവർ മാറിത്താമസിക്കണം.

****************************************************************************

## ഇടുക്കി-ഓണം (ഇൻട്രോ)

ഓണത്തിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേ വിപണിയിൽ നേന്ത്രക്കായ വില ഉയരുന്നു. ഇടുക്കിയിലെ കർഷകർ പ്രതീക്ഷയിലാണ്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ.....**

(വോയിസ്)

****************************************************************************

## കെ.കൃഷ്ണൻകുട്ടി

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പുതുക്കിയ വെബ്സൈറ്റ് മന്ത്രി K കൃഷ്ണൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. സംരക്ഷ, സുരക്ഷ എന്നീ വെബ്സൈറ്റുകൾ വഴി നൽകുന്ന അപേക്ഷകളുടെ തൽസ്ഥിതി അറിയാനും പുതിയ വെബ്സൈറ്റിൽ ലിങ്ക് നൽകിയിട്ടുണ്ട്.

RNUTVPM

****************************************************************************

## ഉൽപ്പന്നങ്ങൾ -ഓൺലൈനിൽ

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ ഇനി ഓൺലൈനായി വാങ്ങാം. വ്യവസായ വകുപ്പിന്റെ ഇ-കൊമേഴ്സ് പോർട്ടൽ കെ ഷോപ്പിയിലൂടെയാണ് ഈ സേവനം ലഭ്യമാകുന്നത്. നിലവിൽ 19 പൊതുമേഖലാ സ്ഥാപനങ്ങളുടെ 380 ഓളം ഉൽപ്പന്നങ്ങൾ കെ ഷോപ്പിയിലുണ്ട്.

****************************************************************************

## കണ്ടെയ്നർ

രാജ്യാന്തര തുറമുഖമായ വിഴിഞ്ഞത്ത് ഇന്ന് വൈകിട്ടോടെ കൂറ്റൻ കണ്ടെയ്നർ കപ്പലായ എം.എസ്.സി ഡയാല എത്തും. കപ്പലിൽ നിന്ന് രണ്ടായിരത്തിൽപരം കണ്ടെയ്നറുകൾ വിഴിഞ്ഞത്ത് ഇറക്കുമെന്നാണ് വിവരം. ഉച്ചയോടെ പുറം കടലിൽ എത്തുന്ന കപ്പലിനെ ഡോൾഫിൻ ടഗ്ഗുകളുടെ അകമ്പടിയോടെ വൈകിട്ടോടെ ബെർത്തിൽ അടുപ്പിക്കും. നാളെ വൈകിട്ടോടെ ഫീഡർ കപ്പലായ അഡു – 5 തീരത്ത് എത്തും.

****************************************************************************************************

## അത്ലറ്റിക്ക് ചാമ്പ്യൻഷിപ്പ്

ദേശീയ ഓപ്പൺ അത്ലറ്റിക്ക് ചാമ്പ്യൻഷിപ്പിന് ഇന്ന് ബംഗളൂരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിൽ തുടക്കം. കേരളത്തിൽ നിന്ന് 54 അംഗ ടീം ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നു. 113 അംഗ ടീമാണ് നിലവിലെ ചാമ്പ്യന്മാരായ റെയിൽവേസിനുവേണ്ടി മത്സരിക്കുന്നത്.

RNU TVPM

****************************************************************************************************

## അണ്ടർ-11 ചെസ്

സംസ്ഥാന ചെസ് ടെക്നിക്കൽ കമ്മിറ്റിയുടെ അണ്ടർ-11 ഓപ്പൺ ആൻഡ് ഗേൾസ് വിഭാഗം ചെസ് ചാമ്പ്യൻഷിപ്പ് നാളെ തുടങ്ങും. തൃശൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എജുക്കേഷനിൽ നടക്കുന്ന ടൂർണമെന്റ് മറ്റന്നാൾ സമാപിക്കും.

****************************************************************************************************

## ഡെൻസിൽ കീലോർ

എയർ മാർഷൽ ഡെൻസിൽ കീലോർ , ഗുരുഗ്രാമിൽ അന്തരിച്ചു. 91 വയസ്സായിരുന്നു. 1965 ൽ ഇന്ത്യ-പാക് യുദ്ധത്തിൽ പാകിസ്ഥാന്റെ സേബർ വിമാനം വെടിവച്ചിട്ടതിന് രാജ്യം വീരചക്ര പുരസ്കാരം നൽകി ആദരിച്ചിട്ടുണ്ട് . 1971 ലെ ബംഗ്ലാദേശ് വിമോചന യുദ്ധത്തിലും ഇദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

*******************************************************************************

## തിരുനാവായ-തവനൂർ പാലം

തിരുനാവായ - തവനൂർ പാലത്തിന്റെ നിർമാണ ഉദ്ഘാടനം അടുത്തമാസം എട്ടിന് മന്ത്രി P.A മുഹമ്മദ് റിയാസ് നിർവഹിക്കും. 2010 ൽ നിർമാണത്തിന് ബജറ്റിൽ തുക അനുവദിച്ചെങ്കിലും സ്ഥലമേറ്റെടുപ്പ് നീളുകയായിരുന്നു. നിലവിൽ പാലത്തിന്റെ പൈൽ ലോഡ് ടെസ്റ്റ് തുടങ്ങിയിട്ടുണ്ട്.

RNU TVPM

*******************************************************************************

## ഓണം-മോഡൽ സ്കൂൾ വിദ്യാർത്ഥികൾ

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓണാഘോഷം ഒഴിവാക്കിയപ്പോൾ പകരം ആർ സി സി യിലും മെഡിക്കൽ കോളേജിലുമായി പൊതിച്ചോർ വിതരണം ചെയ്ത് തിരുവനന്തപുരം തൈക്കാട് മോഡൽ സ്കൂളിലെ വിദ്യർഥികൾ. ഇന്ന് 1000 പൊതികൾ വിതരണം ചെയ്തു.

*******************************************************************************

## ചെമ്പൈ സംഗീതോത്സവം

ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ 128-ാം ജയന്തി ആഘോഷങ്ങളും സംഗീതോൽസവവും നാളെ പാലക്കാട് കോട്ടായി

ചെമ്പൈ ഗ്രാമത്തിൽ ആരംഭിക്കും. കേരളത്തിന് അകത്തും പുറത്തും നിന്നെത്തുന്ന സംഗീതജ്ഞർ പങ്കെടുക്കും.

## നവരാത്രി മഹോത്സവം

നവരാത്രി മഹോത്സവത്തിൻറെ ഭാഗമായി അടുത്തമാസം 30 ന് പദ്മനാഭപുരം കൊട്ടാരത്തിലെ ഉപ്പിരിക്കമാളികയിൽ ഉടവാൾ കൈമാറ്റം നടക്കും. തുടർന്ന് ഘോഷയാത്രയായി വിഗ്രഹങ്ങളും ഉടവാളും തിരുവനന്തപുരത്തേക്ക് തിരിക്കും.

RNU TVPM